**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 204** **21-01-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് കാലത്തെ വ്യവസായ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ . വി .എസ്. ശിവകുമാർ | | Shri E. P. Jayarajan<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) | |
| (എ) | കോവിഡ് മൂലമുള്ള സാമ്പത്തിക മാന്ദ്യം സംസ്ഥാനത്തെ വ്യവസായ മേഖലയെ എപ്രകാരമാണ് ബാധിച്ചത്; | (എ) | കോവിഡ് മഹാമാരിയുണ്ടാക്കിയ സാമ്പത്തിക മാന്ദ്യം കേരളത്തിലെ വ്യവസായ മേഖലയെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. രാജ്യം മുഴുവൻ അടച്ചിടൽ പ്രഖ്യാപിച്ചതിനാൽ നമ്മുടെ സംരംഭക മേഖലയിൽ ഉൽപാദന-വിതരണ-വിനിമയ പ്രവർത്തനങ്ങൾ നിർത്തിവെയ്ക്കേണ്ടി വന്നു. ദേശീയ-അന്തർദേശിയ വിതരണ ശൃംഖലകളെ ഈ പ്രതിസന്ധി ബാധിച്ചിട്ടുള്ളതിനാൽ പൂർവ്വസ്ഥിതി പ്രാപിക്കാൻ വേണ്ടിവരുന്ന കാല ദൈർഘ്യത്തിലും അനിശ്ചിതത്വമുണ്ട്. കേരളത്തിലെ വ്യവസായ സംരംഭങ്ങളെ ഈ പ്രതിസന്ധി മൂന്നുതരത്തിൽ ബാധിച്ചിട്ടുണ്ട്. അവ : 1)2020 മാർച്ച് 25-ന് പ്രഖ്യാപിച്ച രാജ്യവ്യാപക അടച്ചിടൽമൂലം ഉത്പാദന പ്രവർത്തനങ്ങൾ നിശ്ചലമായതോടെ സംരംഭങ്ങൾ നഷ്ടത്തിലായി. 2)ഗതാഗത സംവിധാനം നിശ്ചലമായതോടെ മൊത്തവിതരണ-ശൃംഖല താറുമാറായി. 3)ഉൽപന്നങ്ങളുടെ ഡിമാന്റ് ഇടിഞ്ഞ് സംരംഭങ്ങൾ നഷ്ടത്തിലായി. |
| (ബി) | ഇതുമൂലം ഏതെങ്കിലും ഫാക്ടറികൾ സ്ഥിരമായി അടച്ചു പൂട്ടുകയോ ഉല്പാദനം പകുതിയായി കുറയ്ക്കുകയോ ചെയ്തിട്ടുണ്ടോ; | (ബി) | കോവിഡ് മഹാമാരി നിമിത്തം രാജ്യം അടച്ചിടൽ പ്രഖ്യാപിച്ചതുമൂലം പത്തനംതിട്ട ജില്ലയിൽ 16 വ്യവസായ സംരംഭങ്ങളും, ആലപ്പുഴ ജില്ലയിൽ 3 സംരംഭങ്ങളും കോഴിക്കോട് ജില്ലയിൽ 1 വ്യവസായ സംരംഭവും അടച്ചുപൂട്ടിയിട്ടുണ്ട്. കൂടാതെ ഉൽപാദനം കുറയ്ക്കേണ്ട അവസ്ഥയും ഉണ്ടായിട്ടുണ്ട്. |
| (സി) | ഈ പ്രതിസന്ധി കാലത്ത് ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങളെ സംരക്ഷിക്കുവാൻ സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; അറിയിക്കുമോ; | (സി) | കോവിഡ് മഹാമാരി ചെറുകിട-ഇടത്തരം വ്യവസായ മേഖലയിലുണ്ടാക്കിയ ആഘാതം കുറയ്ക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ ആത്മനിർഭർ ഭാരത് അഭിയാൻ പാക്കേജിന്റെ ഭാഗമായി എമർജൻസി ക്രെഡിറ്റ് ലൈൻ ഗാരണ്ടി സ്കീം(ECLGS), ക്രെഡിറ്റ് ഗാരണ്ടി സ്കീം ഫോർ സബോർഡിനേറ്റ് ഡെബ്റ്റ്(CGSSD), പി.എം. ഫോർമലിസേഷൻ |

| | | | |
|---|---|---|---|
| | | | ഓഫ് മൈക്രോ ഫുഡ് പ്രോസസ്സിംഗ് എന്റർപ്രൈസസ് (PM-FME), തുടങ്ങിയ സ്കീമുകളും സംസ്ഥാന സർക്കാരിന്റെ വ്യവസായ ഭദ്രതാ പാക്കേജും നിലവിലുണ്ട്. ഇതിൽ എമർജൻസി ക്രെഡിറ്റ് ലൈൻ ഗാരണ്ടി സ്കീമിലൂടെ ചെറുകിട -ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് 2020 ഫെബ്രുവരി 28 വരെ കുടിശ്ശികയായിട്ടുള്ള വായ്പയുടെ 20% വരെയുള്ള തുക അധിക പ്രവർത്തനമൂലധന വായ്പയായി ലഭിക്കുന്നു. 2021 ജനുവരി 2 വരെ ഈയിനത്തിൽ വിവിധ ബാങ്കുകൾ മുഖേന 1,45,319 അക്കൗണ്ടുകളിലായി 6,368 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 1,09,970 അക്കൗണ്ടുകളിലായി 5,595 കോടി രൂപ വിതരണം നടത്തിയിട്ടുണ്ട്. CGSSD മുഖേന നിലവിൽ വായ്പയെടുത്തിട്ടുള്ളതും NPA, SMA-2 വിഭാഗത്തിലെ പ്രവർത്തനക്ഷമമായിട്ടുള്ളതുമായ യൂണിറ്റുകൾക്ക് ആനുകൂല്യം ലഭിക്കും. PM-FME ഭക്ഷ്യ-സംസ്കരണ മേഖലയിലെ സൂക്ഷ്മ സംരംഭങ്ങൾക്ക് support നൽകുന്ന കേന്ദ്ര പദ്ധതിയാണ്. |
| (ഡി) | ഇതിനായി കേന്ദ്രസഹായം ലഭ്യമാണോ; വിശദാംശം നൽകുമോ? | (ഡി) | കോവിഡ് മഹാമാരി ചെറുകിട-ഇടത്തരം വ്യവസായ മേഖലയിലുണ്ടാക്കിയ ആഘാതം കുറയ്ക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ ആത്മനിർഭർ ഭാരത് അഭിയാൻ പാക്കേജിന്റെ ഭാഗമായി എമർജൻസി ക്രെഡിറ്റ് ലൈൻ ഗാരണ്ടി സ്കീം(ECLGS), ക്രെഡിറ്റ് ഗാരണ്ടി സ്കീം ഫോർ സബോർഡിനേറ്റ് ഡെബ്റ്റ്(CGSSD), പി.എം. ഫോർമലിസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസ്സിംഗ് എന്റർപ്രൈസസ് (PM-FME), തുടങ്ങിയ സ്കീമുകളും സംസ്ഥാന സർക്കാരിന്റെ വ്യവസായ ഭദ്രതാ പാക്കേജും നിലവിലുണ്ട്. ഇതിൽ എമർജൻസി ക്രെഡിറ്റ് ലൈൻ ഗാരണ്ടി സ്കീമിലൂടെ ചെറുകിട -ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് 2020 ഫെബ്രുവരി 28 വരെ കുടിശ്ശികയായിട്ടുള്ള വായ്പയുടെ 20% വരെയുള്ള തുക അധിക പ്രവർത്തനമൂലധന വായ്പയായി ലഭിക്കുന്നു. 2021 ജനുവരി 2 വരെ ഈയിനത്തിൽ വിവിധ ബാങ്കുകൾ മുഖേന 1,45,319 അക്കൗണ്ടുകളിലായി 6,368 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 1,09,970 അക്കൗണ്ടുകളിലായി 5,595 കോടി രൂപ വിതരണം നടത്തിയിട്ടുണ്ട്. CGSSD മുഖേന നിലവിൽ വായ്പയെടുത്തിട്ടുള്ളതും NPA, SMA-2 വിഭാഗത്തിലെ പ്രവർത്തനക്ഷമമായിട്ടുള്ളതുമായ യൂണിറ്റുകൾക്ക് ആനുകൂല്യം ലഭിക്കും. PM-FME ഭക്ഷ്യ-സംസ്കരണ മേഖലയിലെ സൂക്ഷ്മ സംരംഭങ്ങൾക്ക് support നൽകുന്ന കേന്ദ്ര പദ്ധതിയാണ്. |

സെക്ഷൻ ഓഫീസർ